# ഇയാൾ ആരുടെ കമാന്റർ?

**തടിയന്റവിട** നസീർ ആണ് മാധ്യമങ്ങളുടെ പുതിയ താരം. ഭീകരവാദത്തിന്റെ ഈ പുതിയ ധൂമകേതു പറയുന്നതായി പോലീസ് പറയുന്ന വാർത്തകളുടെ തരിപ്പിലാണ് മലയാളികൾ. ആളെ പിടിച്ചുവെന്നു കേട്ടപ്പോഴേക്കും ലോക്കപ്പ് മുറിയിൽ നിന്നും കുറ്റസമ്മതങ്ങളുടെ നീണ്ട വിരേചന ഘോഷമാണ് കേൾക്കാനുള്ളത്. ഒതുക്കത്തിന് ഒരു അണ്ണാച്ചിയെ പിടികൂടാൻ കഴിഞ്ഞാൽ ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിന്ന് സാധാരണ ഇത്തരം തമാശകൾ ഉണ്ടാവാറുണ്ട്. ആ പഞ്ചായത്തിൽ അതുവരെ തെളിയാത്ത മുഴുവൻ മോഷണക്കുറ്റവും ഒറ്റ അണ്ണാച്ചിയെ വെച്ച് പോലീസ് തെളിയിക്കും. നായനാരെ കൊല്ലാൻ ശ്രമിച്ചതു മുതൽ അഹ്മദാബാദിലും സൂറത്തിലും ദൽഹിയിലും ബംഗളൂരുവിലും ബോംബുവെച്ചത് ഞമ്മൻ തന്നെയെന്ന് നസീർ ഒന്നാം ദിവസം തന്നെ സമ്മതിച്ചു കഴിഞ്ഞു. സൂഫിയ മഅ്ദനിയുടെ വീട്ടിൽ വെച്ചാണത്രെ തമിഴ്നാട്ടുകാരുടെ ബസ് കത്തിക്കലിന്റെ ഗൂഢാലോചന നടന്നത്. വർഷങ്ങളായി ഇതേ സൂഫിയയെയും മഅ്ദനിയെയും ചോദ്യംചെയ്ത പോലീസുകാർ പണി രാജിവെച്ച് കാശിക്കു പോകലാണ് ഇനി നല്ലത്!

ഹിന്ദുത്വക്കാരുടെ പാദസേവകരായ കർണാടക പോലിസ് പറയുന്ന ഏത് പോക്രിത്തരവും ചുരുങ്ങിയപക്ഷം തടിയന്റവിട നസീറെങ്കിലും ഏറ്റു പറയാതിരിക്കലാണ് കേരളക്കാരുടെ കേസു പൊളിയാതിരിക്കാൻ നല്ലത്. പേരിലെങ്കിലും തണ്ടും തടിയുമുള്ള സ്ഥിതിക്ക് കൂമ്പിന് ഇടി കൊള്ളുമ്പോൾ വെറും അണ്ണാച്ചിയെ പോലെ പെരുമാറി നസീർ ലശ്കറെ ത്വയ്യിബയുടെ മാനം കളയരുത്. സൂറത്തിലെയും അഹ്മദാബാദിലെയും ബംഗളൂരുവിലെയും സ്ഫോടനങ്ങൾക്ക് ആണുങ്ങൾ വേറെയുമുണ്ട് അവകാശികളായിട്ട്. 'പറയെടാ നീയല്ലേ' എന്ന സ്റ്റണ്ട് ഷൂട്ടിംഗിനു പിന്നിൽ കേരളത്തിലെയും ബംഗളൂരുവിലെയും പോലീസ് പത്രം വായിക്കാത്തതിന്റെ കുഴപ്പമാവാനേ തരമുള്ളൂ. സബർമതി ജയിലിൽ കഴിയുന്ന സരായ്മീറിലെ മൗലാന അബൂ ബശീർ തൊട്ട് ബട്ലാ ഹൗസിൽ കൊല്ലപ്പെട്ട ആതിഫ് അമീനും സാജിദും വരെ അഹ്മദാബാദ് കേസിലെ പ്രതികളാണ്. അസംബ്ലി തെരഞ്ഞെടുപ്പിന് മുന്നോടിയായി ബംഗളൂരുവിൽ നടന്ന ബി.ജെ.പി നാഷ്നൽ എക്സിക്യൂട്ടീവിന്റെ കേളികൊട്ടായിരുന്നു അന്നത്തെ സ്ഫോടനം. അദ്വാനിയും മോഡിയും ഒന്നിച്ച് ദൽഹിയിൽ ഇസ്ലാമിക മതമൗലിക വാദത്തിനെതിരെ വാർത്താ സമ്മേളനം വിളിച്ചതിന്റെ രണ്ടാംപക്കം 'സിമി'ക്ക് തോന്നിയ ബുദ്ധി. മഹാരാഷ്ട്രയിലും ആന്ധ്രയിലും മിടുക്കു തെളിയിച്ച 'ഇസ്ലാമിക ബോംബുകളുടെ' കർണാടക രംഗപ്രവേശമായിരുന്നു അത്. പക്ഷേ സ്വാധിക്കും കൂട്ടർക്കും ചെറിയ ചില കൈയബദ്ധങ്ങൾ പറ്റി. റിയാസ് ഭട്കലിൻെറ ഉറ്റ 'അനുചര'നായ സഫ്ദർ നാഗൂരിയും 40 സിമിക്കാരും കൈയിലുണ്ടായിട്ടും ഇന്നോളം ബംഗളൂരു കേസ് എവിടെയുമെത്താതിരുന്നതിന്റെ കാരണവും മറ്റൊന്നല്ല. സംഝോത്തയും ഹൈദരാബാദും മാലേഗാവുമൊക്കെ ഇന്നും സിമിയുടെ വരവുകോളത്തിൽ കിടക്കുമ്പോൾ തന്നെയായിരുന്നു പോലിസിന്റെ

ഈ ദയനീയത.

അമേരിക്കൻ പാതിരി കേണൽ ഹേവുഡിന്റെ കംപ്യൂട്ടറിൽ നിന്നും 'ടെറർ മെയിൽ' പുറപ്പെട്ടു പോയ സ്ഫോടനങ്ങളായിരുന്നു ദൽഹിയിലെതും അഹ്മദാബാദിലെതും. ഈ ഇമെയിൽ അയച്ചത് ഹേവുഡ് അല്ല അങ്ങോരുടെ കംപ്യൂട്ടറിൽ നുഴഞ്ഞു കയറിയ തൗഖീർ അഹമ്മദ്എന്ന ഊശാൻ താടിക്കാരനായ ഇന്ത്യൻ ബിൻലാദിനായിരുന്നു എന്നും അങ്ങോർക്ക് സഹായമെത്തിച്ചത് സി.എ.എം ബശീറും റിയാസ് ഭട്കലുമാണെന്നും അക്കാലത്ത് എഴുതാത്ത ഒറ്റ പത്രവുമുണ്ടാവില്ല. പക്ഷേ കേസ് പെട്ടെന്ന് തെളിയിക്കാൻ വല്യജമാനന്റെ നാട്ടിൽ നിന്നുള്ള സമ്മർദം മുറുകിയപ്പോൾ മുംബൈ പോലീസ് കഥ മൊത്തം മാറ്റിപ്പറഞ്ഞു. തൗഖീറോ? അങ്ങനെയൊരാൾ ഉണ്ടെന്ന് പോലിസ് ഒരിക്കലും പറഞ്ഞിട്ടില്ലെന്നും, ഇയാൾ മാധ്യമങ്ങളുടെ ഭാവനാ വിലാസമാണെന്നുമാണ് മുംബൈ പോലിസ് കമീഷണറായ രാജേഷ് മരിയ വാർത്താ ലേഖകരോടു പറഞ്ഞത്. പുതിയ രണ്ട് നീർക്കോലികളെയും ഹാജരാക്കി. മരിയയുടെ രാജ്യസ്നേഹത്തിന്റെ ബ്രാൻന്റ് ഏത് വകുപ്പിൽ പെട്ടതാണെന്ന് അറിയണമെന്നുള്ളവർ വീനിതാ കാംതെയുടെ 'ടു ദ ലാസ്റ്റ് ബുള്ളറ്റ്' എന്ന പുസ്തകം ഒരാവൃത്തി വായിക്കുക. അഹ്മദാബാദിലെയും സൂറത്തിലെയും ബംഗളൂരുവിലെയും സ്ഫോടനങ്ങൾക്കു പിന്നിൽ തടിയന്റവിട നസീർ യഥാർഥത്തിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ഈ കേസ് ഇന്ത്യൻ പോലീസിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ കാപട്യമായാണ് കോടതിയിൽ മാറാൻ പോകുന്നത്. ഇതിൽ ആദ്യം പറഞ്ഞ രണ്ട് സ്ഫോടനങ്ങളെങ്കിലും ഡേവിഡ് ഹെഡ്‌ലിയും റാണയും, ഒരുവേള ഹേവുഡും അഭിനവ് ഭാരത് ഗുണ്ടകളും സംഘടിപ്പിച്ചതാണെന്നതിനാണ് ഏറ്റവുമൊടുവിൽ പുറത്തുവരുന്ന തെളിവുകൾ.

തടിയന്റവിട നസീറിന് ബംഗളൂരു സ്ഫോടനവുമായും അഹ്മദാബാദ്, ദൽഹി സ്ഫോടനങ്ങളുമായും യഥാർഥത്തിൽ ബന്ധമുണ്ടെങ്കിൽ ഇയാളെ 'ലശ്കറെ അഭിനവ് ഭാരതി'ന്റെ ദക്ഷിണേന്ത്യൻ കമാന്റർ എന്ന് വിളിക്കലാണ് ഭംഗി. അല്ലെങ്കിലും നാട്ടിലെ അറിയപ്പെടുന്ന കുറേ കേഡികൾ ഒരു സുപ്രഭാതത്തിൽ മതം മാറി 'ജിഹാദ്' പഠിക്കാൻ കശ്മീരിലേക്കു പോവുകയും അവിടെ കൊല്ലപ്പെടുകയും ചെയ്ത വാർത്തയിൽ തന്നെയുണ്ട് ചില അടിസ്ഥാനപരമായ കുഴപ്പങ്ങൾ. കേരളത്തിലെ പോലീസ് ഇൻഫോർമർമാരുടെയെങ്കിലും സ്ഥിരം കസ്റ്റമർമാരായിരുന്നു ഇവർ. നസീർ കഴിഞ്ഞ 15 വർഷമായി സ്ഥിരം കുറ്റിയായിരുന്നു. ഇന്റലിജൻസിലെ ചില കള്ളനാണയങ്ങളുടെയും ഹിന്ദുത്വക്കാരുടെയും സങ്കലിതരൂപമായ അഭിനവ് ഭാരതിന് ഏറ്റവുമധികം ആവശ്യമുണ്ടായിരുന്നത് ഇത്തരക്കാരെയായിരുന്നു. വാരണസിയിലെ സലാറും ഹൈദരാബാദിലെ ശാഹിദ് ബിലാലും മാലേഗാവിലെ അബ്റാർ അഹ്മദുമൊക്കെ ഒരേ ജനുസ്സിലാണ് പെടുന്നത്. മസ്ജിദുകളിൽ പോയി മതം പഠിച്ചതിലുപരി ജയിലുകളിലും ലോക്കപ്പ് മുറികളിലും കിടന്ന് 'ഭീകരവിരുദ്ധ യുദ്ധം' അഭ്യസിക്കുകയാണ് ഇവർ ചെയ്തതെന്നാണ് കുടുംബാംഗങ്ങളെങ്കിലും പറയുന്നത്. ഒരിക്കൽ ജയിലിൽ എത്തിപ്പെടുന്ന മുസ്‌ലിം യുവാക്കൾ പോലീസിന്റെ ഉപകരണങ്ങളായി മാറുന്നുണ്ടെന്നതിന്റെ എണ്ണമറ്റ ഉദാഹരണങ്ങളാണ് ഭീകരാക്രമണ കേസുകളുടെ വിചാരണാ കോടതികൾക്കു മുമ്പാകെയുള്ളത്. അക്കൂട്ടത്തിലെ ലക്ഷണമൊത്ത ഉരുപ്പടിയാണ് നസീർ എന്ന് ഒറ്റനോട്ടത്തിൽ വ്യക്തം. ■